പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 865 — 12-12-2012 - ൽ മറുപടിയ്ക്ക്

# നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ പദ്ധതികളുടെ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്: | (എ) ഉണ്ട്. പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി അവയുടെ എസ്റ്റിമേറ്റുകൾ 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ നടന്നുവരുന്നു. |
| (ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെണ്ടർ എടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല എന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) പഴയ നിരക്കിലുള്ള നബാർഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളെല്ലാം തന്നെ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി അനുമതി നല്കുവാനുള്ള നടപടികൾ വകുപ്പു തലത്തിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.